# പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2021 ഒക്ടോബർ 20, ബുധനാഴ്ച

**നമ്പർ 38**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചരമോപചാരം :

സംസ്ഥാനത്ത് അപ്രതീക്ഷിതമായുണ്ടായ മഴക്കെടുതിയും പ്രകൃതിക്ഷോഭവുംമൂലം മരണപ്പെട്ടവരെ അനുസ്മരിച്ച് സ്പീക്കർ റഫറൻസ് നടത്തി. ചെയർ പ്രകടിപ്പിച്ച വികാരത്തോട് യോജിച്ചുകൊണ്ട് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും ശ്രീ. കെ. ബാബു (*തൃപ്പൂണിത്തുറ*)-യും സംസാരിച്ചു.

പരേതരോടുള്ള ആദരസൂചകമായി അംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.

സഭാ സമ്മേളനം ഒഴിവാക്കുന്നത് സംബന്ധിച്ച പ്രമേയം :

2021 ഒക്ടോബർ 5-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതി റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ഭാഗികമായ ഭേദഗതി വരുത്തിക്കൊണ്ട് ഇന്നേ ദിവസത്തെ തുടർന്നുള്ള സഭാനടപടികൾ നിറുത്തിവയ്ക്കാനും, 2021 ഒക്ടോബർ 21, 22 തീയതികളിലെ സഭാ സമ്മേളനം ഒഴിവാക്കുവാനുമുള്ള തീരുമാനത്തെ സംബന്ധിച്ചുമുള്ള പ്രമേയം മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവതരിപ്പിക്കുകയും സഭ അത് അംഗീകരിക്കുകയും ചെയ്തു.

2021 ഒക്ടോബർ 25-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി രാവിലെ 9.15-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,

*സെക്രട്ടറി.*

KNPP. 1669/2021(i).

# FIFTEENTH KERALA LEGISLATIVE ASSEMBLY

Third Session

# BULLETIN—PART I

(Brief Record of Proceedings)

*Wednesday, October 20, 2021*

**No. 38**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Obituary Reference* :

The Speaker made reference regarding those who deceased in the unexpected rain havoc and natural calamities in the State. Shri Pinarayi Vijayan, Chief Minister and Shri K. Babu (*Thripoonithura*), associated themselves to the sentiment expressed by the Chair.

As a mark of respect to the deceased, the members stood in silence for a while.

*Motion regarding the deferment of Business* :

Shri Pinarayi Vijayan, Chief Minister moved a motion regarding the decision to adjourn day's business and to defer the sittings to be held on $21^{st}$ and $22^{nd}$ of October 2021 in partial modification of the Report of the Business Advisory Committee adopted by the House on $5^{th}$ October, 2021. The House adopted the motion.

The House adjourned at 9.15 a.m. to meet again at 9.00 a.m. on Monday, October 25, 2021.

S. V. UNNIKRISHNAN NAIR,

*Secretary.*

KNPP. 1669/2021(ii).